# STD - VIII

## അദ്ധ്യാപക സഹായി

**പാഠം – പത്ത്** **ഭാഗം – ഒന്ന്**

## കത്തോലിക്കാ സഭയും ആതുരശുശ്രൂഷാരംഗവും

### ലക്ഷ്യം

യേശു നൽകിയ പ്രബോധനം ഉൾക്കൊണ്ട് ഗ്രാമങ്ങൾതോറും ചുറ്റിസഞ്ചരിച്ച് സുവിശേഷം പ്രസംഗിക്കുകയും രോഗശാന്തി നൽകുകയും ചെയ്ത അപ്പസ്തോലന്മാരുടെ മാതൃകയിലാണ് ഇന്ന് കത്തോലിക്കാസഭയുടെ ആതുരാലയങ്ങൾ പ്രവർത്തിക്കുന്നത്. സഭയുടെ ശുശ്രൂഷകളെല്ലാം ദൈവമഹത്ത്വത്തിനും മനുഷ്യാന്തസ്സിനും വില കല്പിച്ചുകൊണ്ടുള്ളവയാണ്. ദൈവാലയത്തോട് ചേർന്ന് രോഗീശുശ്രൂഷക്കായി പ്രത്യേകം സത്രങ്ങൾ നടത്തിയ പാരമ്പര്യമുള്ള സഭയാണ് നമ്മുടേത്. ക്രിസ്തുസ്നേഹത്തിലും ചൈതന്യത്തിലും അധിഷ്ഠിതമായി പ്രവർത്തിക്കുന്ന ശുശ്രൂഷകരാണ് കത്തോലിക്കാ സഭ നടത്തുന്ന ആശുപത്രികളെ മറ്റുള്ളവയിൽ നിന്നും വ്യത്യസ്തമാക്കുന്നത്. രോഗീ പരിചരണം സഭ ആദ്ധ്യാത്മിക ശുശ്രൂഷയായി കാണുന്നു.

കേരള കത്തോലിക്കാസഭയുടെ ആതുരശുശ്രൂഷാ പാരമ്പര്യത്തിന്റെ മാഹാത്മ്യം മനസ്സിലാക്കുവാനും അതിൽ അഭിമാനം കൊള്ളുവാനും ഞാൻ പരിശ്രമിക്കും.

### പഠനസഹായികൾ

* വിശുദ്ധ ഡാമിയൻ – വീഡിയോ – യൂ-ട്യൂബ്
* വി. വിൻസെന്റ് ഡി. പോൾ, ഫ്ളോറൻസ് നൈറ്റിംഗേൽ, മദർ തെരേസ എന്നിവരുടെ ചിത്രങ്ങൾ
* ദൈവദാസൻ മോൺ ഇമ്മാനുവൽ ലോപ്പസിന്റെ ആശുപത്രി സന്ദർശനം – വിവരണം
* ഇടവകയിലെ ഡോക്ടർ/നഴ്സ് എന്നിവരെ പരിചയപ്പെടുത്തുന്നു.
* വചനം. ലൂക്കാ. 9:1, ലൂക്കാ. 9:6, യോഹ. 10:10, മത്താ. 25:40.

### പാഠത്തിന്റെ ഉള്ളടക്കം

* ആരോഗ്യസംരക്ഷണരംഗത്തും ആതുരശുശ്രൂഷരംഗത്തും കത്തോലിക്കാസഭ നൽകിവരുന്ന സേവനങ്ങൾ വിലമതിക്കാനാവാത്തതാണ്.
* പള്ളികളോട് ചേർന്ന് രോഗികളെ ശുശ്രൂഷിക്കുന്നതിനായി സത്രങ്ങൾ നടത്തിയിരുന്ന പാരമ്പര്യം സഭയിൽ ആദ്യകാലം മുതലേ ഉണ്ടായിരുന്നു.
* നാലാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി സഭയിൽ സത്രങ്ങൾ, ആശുപത്രികൾ, അനാഥമന്ദിരങ്ങൾ, വൃദ്ധമന്ദിരങ്ങൾ എന്നിവ രൂപംകൊണ്ടു.

* കേസറിയായിലെ മെത്രാൻ വിശുദ്ധ ബേസിൽ ഏ.ഡി. 370-ൽ രോഗികളെ ശുശ്രൂഷിക്കാൻ ബസീലിയാദെസ് എന്ന പേരിൽ ഒരു കെട്ടിടം പണിതു.
* കുഷ്ഠരോഗികളെ ശുശ്രൂഷിക്കാൻ സ്വജീവൻതന്നെ നഷ്ടമാക്കിയ വി. ഡാമിയന്റെ മാതൃക നമുക്ക് പഠിക്കാം.
* അഗതികളുടെ അമ്മയായ മദർ തെരേസയുടെ രോഗീപരിപാലനം ലോകത്തിന് മാതൃകയാണ്.
* റെഡ്ക്രോസ് സൊസൈറ്റിയുടെ സ്ഥാപകൻ ഹെൻട്രി ഡ്യൂനന്റ് ക്രിസ്തുശിഷ്യനായ വ്യക്തിയാണ്.
* ലോകത്തിലെ ആശുപത്രികളിൽ 28% കത്തോലിക്കാസഭ നടത്തുന്നവയാണ്.
* ഇന്ത്യയിലെ ആദ്യത്തെ കത്തോലിക്ക ആശുപത്രി പോർച്ചുഗീസ് മിഷനറിമാർ കൊച്ചിയിൽ സ്ഥാപിച്ച 'ക്രൂസ് ദെ കൊച്ചിൻ' ആണ്.

## പ്രാർത്ഥന

ആതുരശുശ്രൂഷരംഗത്ത് പ്രവർത്തിക്കുന്ന ഞങ്ങളുടെ പ്രിയ സഹോദരങ്ങളെ അങ്ങേ തിരുമുമ്പിൽ സമർപ്പിക്കുന്നു. തങ്ങൾക്കു മുന്നിലെത്തുന്ന രോഗികളെ കാരുണ്യപൂർവം പരിചരിക്കുവാനും ക്ഷമയോടും കൃത്യതയോടും കൂടി ചികിത്സ നടത്തുവാനുള്ള കൃപാവരം നൽകി അവരെ അനുഗ്രഹിക്കണമേയെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

## ചോദ്യങ്ങൾ

1. ലോകശ്രദ്ധയാകർഷിച്ച 5 ക്രിസ്തുസാക്ഷികളായ രോഗീശുശ്രൂഷകരുടെ സേവന മേഖലകൾ വിവരിക്കുക.
2. രോഗികളെ ശുശ്രൂഷിക്കാൻ വി. ബേസിൽ നിർമ്മിച്ച കെട്ടിടസമുച്ചയം എന്ത് പേരിലാണ് അറിയപ്പെടുന്നത്?
3. കത്തോലിക്കാസഭ നടത്തുന്ന ആശുപത്രികളെ മറ്റുള്ളവയിൽ നിന്നും വ്യത്യസ്തമാക്കുന്ന പ്രധാനഘടകം എന്താണ്?
4. ഇന്ത്യയിലെ ആദ്യത്തെ കത്തോലിക്ക ആശുപത്രി ഏതാണ്? ആരാണ് അത് സ്ഥാപിച്ചത്?
5. ആതുരശുശ്രൂഷാരംഗത്ത് പ്രവർത്തിക്കുന്നവർക്ക് പ്രചോദനം പകരുന്ന തിരുവചന ഭാഗങ്ങൾ എഴുതുക.

# STD - VIII

## അദ്ധ്യാപക സഹായി

**പാഠം – പത്ത്** **ഭാഗം – രണ്ട്**

## കത്തോലിക്കാ സഭയും ആതുരശുശ്രൂഷാരംഗവും

### ലക്ഷ്യം

കേരളത്തിലെ ആതുരശുശ്രൂഷരംഗത്ത് കത്തോലിക്കസഭ നടത്തുന്ന പ്രവർത്തനങ്ങൾ വിലമതിക്കാനാവാത്തതാണ്. പാവപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും, മൂല്യബോധത്തോടെയുള്ള ശുശ്രൂഷയും, ആഴമുള്ള ദൈവാഭിമുഖ്യവും വേദനിക്കുന്നവർക്ക് സഹായം നൽകുന്ന നേതൃത്വവുമെല്ലാം കത്തോലിക്കാ ആശുപത്രികളുടെ മുഖമുദ്രയായിരുന്നു. പ്രകൃതിദുരന്തങ്ങളിലും മാരകരോഗങ്ങളുടെ വ്യാപനത്തിന്റെ നടുവിലും സഭയുടെ ആശുപത്രികൾ സമൂഹത്തിന് നൽകിക്കൊണ്ടിരിക്കുന്ന സഹകരണം മാതൃകാജനകമാണ്.

ആതുരശുശ്രൂഷാരംഗത്ത് പ്രവർത്തിച്ചിരുന്ന വിദേശമിഷണറിമാർ എടുത്ത തീരുമാനങ്ങളാണ് ഇന്ന് കാണുന്ന ആരോഗ്യസംരക്ഷണ ശൃംഖലയ്ക്ക് അടിത്തറപാകിയത്.

കത്തോലിക്കാസഭയുടെ നേതൃത്വത്തിൽ നടത്തുന്ന നമ്മുടെ ഇടയിലുള്ള ആശുപത്രികളെ മനസിലാക്കുകയും അതിൽ അഭിമാനം കൊള്ളുകയും ക്ഷേമപ്രവർത്തനങ്ങളിൽ പങ്കുകാരാകുകയും ചെയ്യും.

### പഠനസഹായികൾ

* മഞ്ഞുമ്മൽ സെന്റ് ജോസഫ് ആശുപത്രിയുടെയും ബ്രദർ നിക്ലാവൂസിന്റേയും ചിത്രങ്ങൾ
* ശ്രീമൂലംതിരുനാൾ രാമവർമ്മ മഹാരാജവ് + ബിഷപ് അലോഷ്യസ് മരിയ ബെൻസിഗർ + കൊല്ലം ഹോളിക്രോസ് കോൺഗ്രിഗേഷൻ – എന്നിവയുടെ ചിത്രങ്ങൾ
* സമീപത്തുള്ള കത്തോലിക്കാസഭയുടെ ഏതെങ്കിലും ആശുപത്രികൾ, വൃദ്ധസദനങ്ങൾ, രോഗിശുശ്രൂഷകേന്ദ്രങ്ങൾ എന്നിവയുടെ ഫോട്ടോ അല്ലെങ്കിൽ വാർത്തകൾ.
* യൂ–ട്യൂബ് വീഡിയോ മദർ തെരേസ കൊൽക്കത്തയിൽ രോഗികളെ പരിചരിക്കുന്ന വീഡിയോ

### പാഠത്തിന്റെ ഉള്ളടക്കം

* ഒരുകാലത്ത് സാംക്രമികരോഗങ്ങൾ പകരുന്ന ഇടങ്ങളിൽ മതിയായ ചികിത്സലഭിക്കാതെ മരണങ്ങൾ സംഭവിച്ചിരുന്നു. 40 വയസായിരുന്നു മനുഷ്യരുടെ ശരാശരി ആയുർദൈർഘ്യം. രോഗമുണ്ടാകുന്ന സാഹചര്യം ഒഴിവാക്കുവാനും മതിയായ ബോധവൽക്കരണം നടത്തുവാനും സഭ മുന്നിട്ടിറങ്ങി.

* അന്നത്തെ ക്രൈസ്തവമിഷണറിമാർ എടുത്ത ശക്തമായ തീരുമാനങ്ങളും തുടക്കം കുറിച്ച പ്രവർത്തനങ്ങളുമാണ് ഇന്നത്തെ ആരോഗ്യസംരക്ഷണ ശൃംഖലയ്ക്ക് അടിത്തറ പാകിയത്.
* കേരളത്തിലെ ആദ്യത്തെ ക്രൈസ്തവ ആശുപത്രിയാണ് മഞ്ഞുമ്മൽ സെന്റ് ജോസഫ് ഹോസ്പിറ്റൽ. കൊച്ചി - തിരുവിതാംകൂർ രാജകുടുംബാംഗങ്ങളുടെ വൈദ്യനും കർമ്മലീത്ത സഭാംഗവുമായിരുന്ന ബ്രദർ നിക്കാവൂസ് സാധുജന ശുശ്രൂഷയ്ക്കായി തുടങ്ങിയതാണ് ഈ ആശുപത്രി.
* സർക്കാർ ആശുപത്രികളിൽപോലും ഉച്ചനീചത്വങ്ങൾ പ്രകടമായിരുന്ന കാലഘട്ടത്തിൽ കത്തോലിക്കാ സഭയുടെ രോഗീശുശ്രൂഷയെക്കുറിച്ച് മതിപ്പുതോന്നിയ തിരുവിതാംകൂർ ശ്രീമൂലം തിരുനാൾ മഹാരാജാവ് സർക്കാർ ആശുപത്രിയിലും കത്തോലിക്കാ സഭയുടെ സേവനം ആഗ്രഹിച്ചു.
* ഇക്കാര്യം അന്നത്തെ കൊല്ലം മെത്രാനായിരുന്ന ബിഷപ് ഡോ. അലോഷ്യസ് മരിയ ബെൻസിഗർ - നെ രാജാവ് അറിയിച്ചു. ബെൻസിഗർ പിതാവിന്റെ അഭ്യർത്ഥന മാനിച്ച് ഹോളിക്രോസ് സിസ്റ്റേഴ്സ് 1906-ൽ കൊല്ലത്ത് എത്തി. സർക്കാർ ആശുപത്രികളിൽ സേവനം ആരംഭിച്ചു.
* ഇന്ത്യയിൽ ആകെയുള്ളതിൽ 20% ആശുപത്രികളും കേരളത്തിലാണ്.
* തെരുവിൽ കഴിയുന്ന രോഗികൾക്കും ആലംബഹീനർക്കും അത്താണിയായി മാറിയ കൊൽക്കത്തയിലെ വിശുദ്ധ മദർ തെരേസയുടെ ജീവിതം നമുക്ക് പ്രചോദനമാകണം. നോബൽ സമ്മാനവും ഭാരതരത്നവും മദർ കരസ്ഥമാക്കി.

## പ്രാർത്ഥന

കാരുണ്യവാനായ ദൈവമേ, അശരണരെയും ആലംബഹീനരെയും പരിചരിക്കാനും, ദുർബലരും ദരിദ്രരുമായ രോഗികളെ അനുകമ്പയോടെ ശുശ്രൂഷിക്കുവാനുള്ള കൃപ ഞങ്ങൾക്കു നൽകണമേ. കത്തോലിക്കാസഭയുടെ ആതുരശുശ്രൂഷ സേവനരംഗങ്ങളിൽ പരിശുദ്ധാത്മാവിന്റെ നിറസാന്നിധ്യമുണ്ടായിരിക്കണമേ. ആമേൻ.

## ചോദ്യങ്ങൾ

1. കേരളത്തിലെ ആദ്യത്തെ ക്രൈസ്തവ ആശുപത്രി ഏതാണ്? ആരാണ് അതിന്റെ സ്ഥാപകൻ?
2. ഹോളിക്രോസ് സന്യാസികൾ കേരളത്തിൽ ആതുരശുശ്രൂഷ ആരംഭിക്കാൻ ഇടയായ സാഹചര്യം വിവരിക്കുക.
3. നിങ്ങളുടെ പരിചയത്തിലുള്ള കത്തോലിക്കസഭയുടെ ഏതെങ്കിലും ഒരു ആശുപത്രിയെക്കുറിച്ച ചെറുവിവരണം തയ്യാറാക്കുക.
4. മദർ തെരേസയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളെപ്പറ്റി ഒരു കുറിപ്പ് തയ്യാറാക്കുക
5. കേരളസഭയുടെ ആതുരശുശ്രൂഷ രംഗങ്ങൾ ഏവ?